കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മേലടി ബ്ലോക്ക് പഞ്ചായത്ത് 2015-16

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് ജില്ലാ കാര്യാലയം, കോഴിക്കോട്

e-mail:.....

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.(പി.7)/421/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ: 0495-2371012

തീയതി:20.03.2017

ജോയന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പ്രസിഡന്റ് (സെക്രട്ടറി) മുഖേന

മേലടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയന്റ് ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി(പി.7)/421/2017 തിയ്യതി:20.03.2017

# കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.1.2016 മുതൽ 31.3.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ .മറുപടി ലഭിച്ചിട്ടില്ല. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : ശ്രീ. പി. ഉണ്ണികൃഷ്ണൻ,ജോയന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : 20.2.2017 മുതൽ 2.3.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എ. കെ . ബാലസുബ്രഹ്മണ്യൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇ.വി. ഹരി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : ശ്രീമതി. ഗിരിജ മനത്താനത്ത് | 1.4.2015മുതൽ11.11.2015 വരെ |
| | ശ്രീ. കെ. കെ . കുഞ്ഞിരാമൻ | 12.11.2015മുതൽ31.3.2016വരെ |
| സെക്രട്ടറി | : ശ്രീ. ടി. എം. ബാലകൃഷ്ണൻ | 1.4.2015 മുതൽ 31.5.2015 വരെ |
| | ശ്രീ. പി. വി. സോമൻ | 1.6.2015 മുതൽ 16.6.2015 വരെ |
| | ശ്രീ. ജോർജ്ജ് ജോസഫ് | 17.6.2015മുതൽ18.8.2015 വരെ |
| | ശ്രീ. ടി. കെ. ഗോവിന്ദൻ | 19.8.2015മുതൽ12.2.2016 വരെ |

| | | |
|---|---|---|
| | ശ്രീമതി. പി. കെ. പ്രമീള | 13.2.2016മുതൽ21.2.2016 വരെ |
| | ശ്രീമതി. സൂസമ്മ ഐസക്ക് | 22.2.2016മുതൽ31.3.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ :

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. എസ്. ജയശ്രീ | 1.4.2015 മുതൽ 31.5.2015 വരെ |
| | ഡോ. എസ്. കവിത | 1.6.2015 മുതൽ 28.7.2015 വരെ |
| | ഡോ. വി. പി. ഷീജ | 29.7.2015മുതൽ 16.2.2016 വരെ |
| | ഡോ. പി. സി. ജെസ്സി | 17.2.2016മുതൽ 31.3.2016 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ .എം. ഉണ്ണികൃഷ്ണൻ | 1.4.2015 മുതൽ 24.7.2015 വരെ |
| | ശ്രീമതി. കെ. എം. ജീജ | 25.7.2015മുതൽ 31.3.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. ടി. ടി. രമണി | 1.4.2015 മുതൽ 3.6.2015 വരെ |
| | ശ്രീമതി. കെ. ശ്രീലത | 4.6.2015 മുതൽ 16.8.2015 വരെ |
| | ശ്രീമതി. ടി. ടി. രമണി | 17.8.2015മുതൽ15.10.2015വരെ |
| | ശ്രീമതി. കെ. ശ്രീലത | 16.10.2015മുതൽ1.12.2015വരെ |
| | ശ്രീ . ഡെയ്സൺ രാജ് | 2.12.2015മുതൽ31.3.2016 വരെ |
| അസിസ്റ്റന്റ്എക്സിക്യൂട്ടീവ് | ശ്രീമതി.ഡബ്ല്യു.എസ്.ബിന്ദു | 1.4.2015 മുതൽ 23.5.2015 വരെ |

| | | |
|---|---|---|
| എഞ്ചിനീയർ | ജാസ്മിൻ | |
| | ശ്രീ. കെ. മധുസൂദനൻ | 24.5.2015മുതൽ18.6.2015 വരെ |
| | ശ്രീ. കെ. ദിലീപ് കുമാർ | 19.6.2015മുതൽ31.3.2016 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി. കെ. ടി. ഗീത | 1.4.2015 മുതൽ 9.11.2015 വരെ |
| | ശ്രീമതി. ടി. ജമീല | 10.11.2015മുതൽ10.2.2016വരെ |
| | ശ്രീമതി. കെ. ടി. ഗീത | 11.2.2016മുതൽ31.3.2016 വരെ |
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ | ശ്രീ. എച്ച്. സുരേഷ് | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ, സി. എച്ച്. സി | ഡോ. ഉഷ നടുവിലക്കണ്ടിയിൽ | 1.4.2015മുതൽ31.3.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| ഭാഗം-1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |

| | | |
|---|---|---|
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| | | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 11 | 2-1 | വാർഷികകണക്കിലെ അപാകതകൾ |
| 12 | 2-2 | ബ്ലോക്ക് പഞ്ചായത്ത് - മുറികളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ |
| | | ഭാഗം-3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 3-1 | റോഡ് ടാറിംഗ് പ്രവൃത്തിയിൽ ടാറിന് മാർക്കറ്റ് വിലയേക്കാൾ അധികം നല്കി - പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം |
| 14 | 3-2 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - പിഴ ഈടാക്കിയില്ല;തുടർ നടപടികൾ സ്വീകരിച്ചില്ല |
| 15 | 3-3 | മേഖലാ ചുമതലകൾ ലംഘിച്ച് പ്രോജക്ട് നടപ്പിലാക്കി |
| 16 | 3-4 | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ |
| 17 | 3-5 | വോയ്ഡ്സ് കുറയ്ക്കാതെ മെറ്റൽ സ്റ്റാക്ക് ചെയ്തതിന് തുക നല്കി |
| 18 | 3-6 | ഘടക സ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 19 | 3-7 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് നോൺ സ്റ്റാൻഡേർഡൈസ്ഡ് ഇനങ്ങൾ ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് വാങ്ങി |
| 20 | 3-8 | നോൺ സ്റ്റാൻഡേർഡ് ഇനം നേരിട്ട് വാങ്ങി |
| 21 | 3-9 | മറ്റു വകുപ്പുകളുടെ ആസ്തിയിൽ റോഡ് പ്രവൃത്തി നടത്തുന്നു. |
| 22 | 3-10 | വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് തുക നല്കി - തുക മുഴുവനായി വിനിയോഗിക്കാത്തതും വിനിയോഗ വിവരം നല്കാത്തതും |
| 23 | 3-11 | ആദായ നികുതി ഈടാക്കിയതിൽ കുറവ് |
| 24 | 3-12 | ഐ.എ.വൈ ഭവന നിർമ്മാണം - ധനസഹായം ലഭിച്ചവർ നാളിതുവരെയായും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. |

| | | |
|---|---|---|
| 25 | 3-13 | വാങ്ങൽ കമ്മറ്റി നിഷ്ക്രിയം. മാർഗ്ഗരേഖ പാലിക്കുന്നില്ല - ബ്ലോക്ക് പഞ്ചായത്തിലെ വാങ്ങലുകൾക്ക് ഏകീകൃത സ്വഭാവമില്ല. |
| | | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 26 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 29 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 30 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 31 | 4-6 | ഓഡിറ്റ് റിക്കവറി |
| 32 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 33 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 34 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 35 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 4.3.2016 തിയതിയിലെ 181/15-16 തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 21.7.2016 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2015-16 | 21.2.2017 | നം.കെ.എസ്.എ.കെ.കെ.ഡി.(പി.7)/ /2017 തീയതി |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,76,76,512 |
| വരവ് | 6,81,26,484 |
| ആകെ | 9,58,02,996 |
| ചെലവ് | 7,82,35,743 |
| നീക്കിയിരിപ്പ് | 1,75,67,253 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 806541 | 17884994 | 18691535 | 18691535 | - | 100 | ട്രാൻസ്ഫർ ക്രെഡിറ്റ് 329278 ഉൾപ്പെടെ |
| വികസനഫണ്ട് എസ്.സി.പി. | 1501653 | 4545598 | 6047251 | 6047251 | - | 100 | ട്രാൻസ്ഫർ ക്രെഡിറ്റ് 329278 ഉൾപ്പെടെ |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - | |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - | - | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1352117 | 1082747 | 2434864 | 2434864 | - | 100 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - | - | |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - | |
| എം.എൻ.ആർ. ഇ.ജി.എസ്. | - | - | - | - | - | - | |
| ബി ഫണ്ട് | - | 229700 | 229700 | 229700 | - | 100 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 55 | 6,57,99,308 | 43 | 2,68,44,372 | - | 12 | 78 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ ലഭ്യമായ തുകയുടെ വിശദാംശം.

| ഇനം | മുൻവർഷം | തൻവർഷം |
|---|---|---|
| നികുതി വരവുകൾ | - | - |
| നികുതിയേതര വരവുകൾ | 1,73,330 | 98,565 |
| മറ്റുവരവുകൾ | - | - |
| ആകെ | 1,73,330 | 98,565 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.2.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7,600/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.2.2016 മുതൽ 24.2.2016 വരെ | 15.9.2015 മുതൽ 22.2.2016 വരെ | 30/ഡി.പി.എ/16/കെ.കെ.ഡി. തീയതി 29.2.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.3.2105 മുതൽ 24.3.2015 വരെ | 2009-10 മുതൽ 2013-14 വരെ | എൽ.ബി.എ. എച്ച്.ക്യു. 6/8എ - 2291/190 തീയതി 28.5.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3. പദ്ധതി ചെലവുകൾ സംബന്ധിച്ച ഐ. കെ. എം സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, എസ്. സി. പി, ടി.എസ്.പി ഫണ്ടുകളിൽ നിന്നുള്ള ചെലവു വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, ഗ്രാമ പഞ്ചായത്ത് വിഹിതം എന്നിവയുടെ ചെലവു വിവരങ്ങൾ ഐ. കെ. എം സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വാറ്റ്, ഐ. ടി , തൊഴിലാളി ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

5. പഞ്ചാബ് നാഷണൽ ബാങ്കിന്റെ പയ്യോളി ശാഖയിലുള്ള 46501 നമ്പർ എസ്. ജി. എസ്. വൈ അക്കൗണ്ടിൽ 1,24,466/- രൂപ നീക്കിയിരിപ്പുണ്ട്. മേൽ സ്കീം ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പയ്യോളി സർവീസ് സഹകരണ ബാങ്കിലുള്ള 12649 നമ്പർ ഐ. എ. വൈ ലോൺ അക്കൗണ്ടിൽ 11,623/- രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് ഇടപാടുകളില്ലാതെ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുകയാണ്.

7. കൃഷി അസിസ്റ്റന്റ് ഡയരക്ടർ മുഖേന നടപ്പിലാക്കുന്ന ഹാഡ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും 4.3.2014 ന് ലഭിച്ച 26,00,000/- രൂപയിൽ നാളിതു വരെ 4,88,795/- രൂപ മാത്രമാണ് ചെലവഴിച്ചത്. 31.3.2016 ന് 21,11,205/- രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വനിതാ വ്യവസായ കേന്ദ്രം - മുറികൾ വാടകക്ക് നൽകിയതിലെ അപാകതകൾ

2015-16 വർഷത്തെ കെട്ടിട വാടക രജിസ്റ്റർ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ വ്യവസായ കേന്ദ്രത്തിലെ മുറികൾ വാടകക്ക് നൽകിയതിൽ താഴെപ്പറയുന്ന അപാകതകൾ വന്നതായി കാണുന്നു.

എ) വാടക ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനത്തിന്റെ വാടക ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | കാലയളവ് | തുക |
|---|---|---|
| കാരുണ്യ കുടുംബശ്രീ ( ടെൻസ്റ്റാർ ബാഗ്സ് ) | 10/15മുതൽ 3/16 വരെ) | 2400/- രൂപ (6x400 = 2400) |

ബി) വാടക വൈകി ഈടാക്കി - പിഴ ഈടാക്കിയില്ല

താഴെപ്പറയുംപ്രകാരമുള്ള മുറികളുടെ വാടക വൈകി ഈടാക്കിയപ്പോൾ കാലതാമസത്തിന് നിയമാനുസൃത പിഴ ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | കാലയളവ് | തുക | തുക അടക്കേണ്ട തീയതി | അടച്ച തീയതി |
|---|---|---|---|---|
| കാരുണ്യ കുടുംബശ്രീ ( ടെൻസ്റ്റാർ ബാഗ്സ് ) | 2/15 | 400 | 1.2.15 | 11.3.15 |
| - ടി - | 3/15 | 400 | 1.3.15 | 30.4.15 |
| - ടി - | 4/15 | 400 | 1.4.15 | 4.7.15 |
| - ടി - | 5/15 – 6/15 | 800 | 1.5.15 | 18.9.15 |
| - ടി - | 7/15 – 9/15 | 1200 | 1.7.15 | 22.9.16 |
| മഹിമ വനിതാ കാന്റീൻ | 4/15 | 250 | 1.4.15 | 30.9.15 |
| - ടി - | 5/15 – 10/15 | 1500 | 1.5.15 | 27.1.16 |
| - ടി - | 11/15 – 3/16 | 1250 | 1.11.15 | 24.5.16 |

സി) വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തിയില്ല

8/2005 മുതൽ നാളിതു വരെ പ്രതിമാസം 250/- രൂപ നിരക്കിലാണ് മഹിമ വനിതാ കാന്റീനിൽ നിന്നും വാടക ഈടാക്കിക്കൊണ്ടിരിക്കുന്നത്. മൂന്ന് വർഷം കൂടുമ്പോൾ 15% നിരക്കിലോ വാർഷികമായി 5% നിരക്കിലോ വാടക വർദ്ധിപ്പിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം വാടക വർദ്ധിപ്പിച്ചിട്ടില്ല.

ഡി) മുറി വാടകക്ക് നൽകുമ്പോൾ കരാർ വെച്ചില്ല

വനിതാ വ്യവസായ കേന്ദ്രത്തിൽ 8/2005 മുതൽ മഹിമ വനിതാ കാന്റീൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും നാളിതു വരെ പ്രസ്തുത യൂണിറ്റുമായി വാടകക്കരാർ ചമച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും വാടക കുടിശ്ശിക പിഴ സഹിതം ഈടാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് ടാറിംഗ് പ്രവൃത്തിയിൽ ടാറിന് മാർക്കറ്റ് വിലയേക്കാൾ അധികം നല്കി - പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം

ഓഡിറ്റ് വർഷം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് (D.S.R.) ബാധകമാക്കിയത്. ഫയൽ പരിശോധിച്ചതിൽ ബിറ്റുമിന്റെ മാർക്കറ്റ് നിരക്കിലുള്ള വില ഷെഡ്യൂൾ നിരക്കിനേക്കാൾ കുറവായതിനാൽ പ്രവൃത്തികൾക്ക് അധികനിരക്ക് അനുവദിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

D.S.R കോഡ് 16.30.1പ്രകാരം റോഡിന്റെ ഉപരിതലത്തിൽ VG-10ബിറ്റുമിൻ ടാക്ക് കോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. കൂടാതെ D.S.Rകോഡ് 16.30.1ൽ VG-10 ബിറ്റുമിന് പകരംVG-30ബിറ്റുമിൻ ഉപയോഗിച്ച് ഒബ്സർവ്ഡ് ഡാറ്റയിലും നിരക്ക് തയ്യാറാക്കിയിട്ടുണ്ട്. നൽകിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു. 12/2015ലെ VG-30,VG-10 ബിറ്റുമിന്റെ കൊച്ചി റിഫൈനറിയിലെ വില യഥാക്രമം 31,283/-രൂപയും, 30,483/- രൂപയുമാണ്. നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വില യഥാക്രമം 32,910/- രൂപയും 32,068/- രൂപയുമാണെടുത്തിട്ടുള്ളത്. മാർക്കറ്റ് നിരക്കിലുള്ള ബിറ്റുമിൻ വിലയോട് കോസ്റ്റ് ഇൻഡക്സ് (cost index) കൂട്ടേണ്ട ആവശ്യമില്ലാത്തതിനാൽ അതൊഴിവാക്കിയാണ് നിരക്ക് കണക്കാക്കിയത്.

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30/VG-10ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .075 | 41000/ 50600 | 3075/ 3795 | 2468 (32910)/ 2405 (32068) |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 7.99 | 7.99 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.150 | 400 | 60 | 60 |
| സ്റ്റീംകോൾ കടത്ത്കൂലി | ടൺ | .015 | 121.70 | 1.83 | 1.83 |
| വയർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| ചാക്കുകൾ | | 7.800 | 1.78 | 13.88 | 13.88 |
| കോൾടാർ സ്പ്രേയർ വാടക | പ്രതിദിനം | .030 | 300 | 9 | 9 |
| പലവക | LS | 9.1 | 1.78 | 16.2 | 16.2 |
| മേറ്റ് | തൊഴിൽദിനം | .060 | 363 | 21.78 | 21.78 |
| ബെൽഡാർ(beldar)ബിറ്റുമിൻചൂടാക്കുന്നതിന് | -ടി- | 1.460 | 329 | 480.34 | 480.34 |
| ബെൽഡാർ (beldar)ടാക്ക് കോട്ട് ചെയ്യു ന്നതിന് | -ടി- | .190 | 329 | 62.51 | 62.51 |
| ബെൽഡാർ (beldar) | -ടി- | .470 | 329 | 154.63 | 154.63 |
| | | | ആകെ | 3906.32 4626.32 | 3299.32/ 3236.32 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 39.06/ 46.26 | 32.99/ 32.36 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 3945.38<br>4672.58 | 3332.31/<br>3268.68 |
| (-)1%വാട്ടർ ചാർജ് ഉൾ പ്പെടെയുള്ള ബിറ്റുമിൻവില കുറയ്ക്കുക (2468+24.68 = 2492.68)/ (2405+24.05 = 2429.05) | | | | | 2492.68/<br>2429.05 |
| | | | | | 839.68/<br>839.63 |
| (+)കോസ്റ്റ് ഇൻഡക്സ് (1.3143) | | | | | 1103.59/<br>1103.53 |
| (+)ബിറ്റുമിൻവില | | | | | 2492.68/<br>2429.05 |
| | | | | | 3596.27/<br>3532.58 |
| (+)കരാറ്കാ രന്റെ ലാഭം (10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 591.81/<br>700.89 | 539.44/<br>529.89 |
| 100ചതുരശ്ര മീറ്റർ ചെയ്യുന്ന തിന് | | | | 4537.19<br>5373.47 | 4135.71/<br>4062.47 |
| 1 m2 ചെയ്യുന്നതിന് | | | | 45.37/<br>53.73 | 41.36/<br>40.62 |
| കോസ്റ്റ് ഇൻഡക്സ് (1.3143) | | | | 59.63/<br>70.62 | |

D.S.R.കോഡ് 16.32.2പ്രകാരം റോഡിന്റെ ഉപരിതലത്തിൽ ബിറ്റുമിൻ ചി പ്പിംഗ് കാർപ്പറ്റ് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. നൽകിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു. 12/2015ലെ VG-30 ബിറ്റുമിന്റെയും(32910) VG-10ബിറ്റുമിന്റെയും (32,068/-) നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വിലയാണ് എടുത്തിട്ടുള്ളത്.

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30/VG-10ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .144 | 41000/<br>50600 | 5904/ 7286.4 | 4739.04<br>(32910)/<br>4617.79<br>(32068) |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 15.23 | 15.23 |
| സ്റ്റോൺ സ്ക്രീനിംഗ്സ്12.5/13.2mm | m3 | 1.800 | 1250 | 2250 | 2250 |
| സ്റ്റോൺ സ്ക്രീനിംഗ്സ്10/11.2mm | -ടി- | .900 | 1250 | 1125 | 1125 |
| -ടി- കടത്ത്കൂലി | -ടി- | 2.700 | 106.49 | 287.52 | 287.5 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.288 | 400 | 115.2 | 115.2 |

| | | | | | |
|---|---|---|---|---|---|
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .029 | 121.70 | 3.50 | 3.50 |
| വൈർ ബ്രഷ് | ഒന്ന് | .110 | 20 | 2.2 | 2.2 |
| സോഫ്റ്റ് ബ്രഷ് | -ടി- | .320 | 18 | 5.76 | 5.76 |
| ചാക്കുകൾ,ചൂലുകൾ | LS | 6.760 | 1.78 | 12.03 | 12.03 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .130 | 830 | 107.9 | 107.9 |
| പലവക | LS | 9.490 | 1.78 | 16.89 | 16.89 |
| മേറ്റ് | തൊഴിൽദിനം | .080 | 363 | 29.04 | 29.04 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .570 | 329 | 187.53 | 187.53 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | 5 | 329 | 1645 | 1645 |
| മിസ്ത്രി | -ടി- | .190 | 435 | 82.65 | 82.65 |
| ചൗക്കിദാർ | | .270 | 329 | 88.83 | 88.83 |
| ഭിഷ്ടി | | .110 | 363 | 39.93 | 39.93 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .110 | 1500 | 165 | 165 |
| ഡീസൽ ഓയിൽ | ലിറ്റർ | 2 | 55.49 | 110.98 | 110.98 |
| കടത്ത് കൂലി | LS | 2.730 | 1.78 | 4.86 | 4.86 |
| ബിറ്റ്മിൻ മിക്സർ | പ്രതിദിനം | .040 | 4000 | 160 | 160 |
| | | | ആകെ | 13280.35/14662.75 | 12115.27/ 11994.02 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 132.80/ 146.63 | 121.15/ 119.94 |
| | | | | 13413.15/ 14809.38 | 12236.42/ 12113.96 |
| (-)1%വാട്ടർചാർജ്ജ് ഉൾപ്പെടെയുള്ള ബിറ്റുമിൻ വില കുറയ്ക്കുക (4739.04+47.39= 4786.43)/ (4617.79+46.18=4663.97) | | | | | 4786.43/ 4663.97 |
| | | | | | 7449.99 |
| (+)കോസ്റ്റ് ഇൻഡക്സ്(1.3143) | | | | | 9791.52 |
| (+)ബിറ്റുമിൻവില | | | | | 4786.43/ 4663.97 |
| | | | | | 14577.95/ 14455.49 |
| (+)കരാറ്കാരന്റെ ലാഭം(10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 2011.97/ 2221.41 | 2186.69/ 2168.32 |

| | | | | | |
|---|---|---|---|---|---|
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 15425.12/17030.79 | 16764.64/ 16623.81 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 154.25/ 170.31 | 167.65/ 166.24 |
| കോസ്റ്റ് ഇൻഡക്സ്(1.3143) | | | | 202.73/ 223.84 | |

D.S.R.കോഡ് 16.41പ്രകാരം ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയത് കാരണം നൽകിയ നിരക്കും നൽകേണ്ട നിരക്കും.12/2015ലെ VG-30 ബിറ്റുമിന്റെയും (32,910/-)VG-10ബിറ്റുമിന്റെയും(32,068/-) നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വിലയാണ് എടുത്തിട്ടുള്ളത്.

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30/VG-10ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .098 | 41000/ 50600 | 4018/ 4958.8 | 3225.18 (32910) /3142.66 (32068) |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 10.44 | 10.44 |
| സ്റ്റോൺ എഗ്രഗേറ്റ് .06mm | ഘനമീറ്റർ | .900 | 1140 | 1026 | 1026 |
| -ടി- കടത്ത്കൂലി | -ടി- | .900 | 106.49 | 95.84 | 95.84 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 1.960 | 400 | 784 | 784 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .196 | 121.70 | 23.85 | 23.85 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .060 | 830 | 49.8 | 49.8 |
| പലവക | LS | 18.20 | 1.78 | 32.40 | 32.40 |
| മേറ്റ് | തൊഴിൽ ദിനം | .110 | 363 | 39.93 | 39.93 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .690 | 329 | 227.01 | 227.01 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .510 | 329 | 167.79 | 167.79 |
| മേറ്റ് | തൊഴിൽ ദിനം | .050 | 363 | 18.15 | 18.15 |
| മിസ്ത്രി | -ടി- | .040 | 435 | 17.40 | 17.40 |
| കോൾടാർസ്പ്രേയർവാടക | | .060 | 300 | 18 | 18 |
| ചൗക്കിദാർ | | .150 | 329 | 49.35 | 49.35 |
| ഭിഷ്ടി | | .060 | 363 | 21.78 | 21.78 |
| ഡീസൽ റോഡ് റോളർ വാടക | പ്രതി ദിനം | .060 | 1500 | 90 | 90 |
| ഡീസൽ ഓയിൽ | ലിറ്റർ | 1.080 | 55.49 | 59.93 | 59.93 |
| ചാക്കുകൾ,ചൂലുകൾ | LS | 2.730 | 1.78 | 4.86 | 4.86 |

| | | | | | |
|---|---|---|---|---|---|
| ബിറ്റ്മിൻ സ്പ്രേയർ | പ്രതിദിനം | .060 | 363 | 21.78 | 21.78 |
| | | | ആകെ | 7700.67/ 8641.47 | 6907.85/ 6825.33 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 77/ 86.41 | 69.08/ 68.25 |
| | | | | 7777.67/ 8727.88 | 6976.93/ 6893.58 |
| (-)1%വാട്ടർചാർജ്ജ് ഉൾപ്പെടെയുള്ളബിറ്റുമിൻവില (3225.18+32.25= 3257.43)/(3142.66+ 31.43= 3174.09) | | | | | 3257.43/ 3174.09 |
| | | | | | 3719.5/ 3719.49 |
| (+)കോസ്റ്റ് ഇൻഡക്സ്(1.31431) | | | | | 4888.54/ 4888.53 |
| (+)ബിറ്റുമിൻ വില | | | | | 3257.43/ 3174.09 |
| | | | | | 8145.97/ 8062.62 |
| (+)കരാറ്കാരന്റെ ലാഭം+ ഓവർഹെഡ് ചാർജ്ജ്(15%) | | | | 1166.65/ 1309.18 | 1221.90/ 1209.39 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 8944.32/ 10037.06 | 9367.87/ 9272.01 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 89.44/ 100.37 | 93.68/ 92.72 |
| കോസ്റ്റ് ഇൻഡക്സ്(1.3143) | | | | 117.55/ 131.92 | |

D.S.R.കോഡ് 16.30.2പ്രകാരം ബിറ്റുമിൻ ചെയ്ത റോഡിന്റെ ഉപരിതലത്തിൽ ബിറ്റുമിൻ ടാക്ക് കോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. നൽകിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു.12/2015ലെ VG-30 ബിറ്റുമിന്റെ നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വിലയായ32,910/-രൂപയാണ് എടുത്തിട്ടുള്ളത്.

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .05 | 41000 | 2050 | 1645.5 (32910) |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 5.32 | 5.32 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.150 | 400 | 60 | 60 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .015 | 121.70 | 1.83 | 1.83 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |

| | | | | | |
|---|---|---|---|---|---|
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| ചാക്കുകൾ | | 7.800 | 1.78 | 13.88 | 13.88 |
| കോൾടാർ സ്പ്രേയർ വാടക | പ്രതിദിനം | .030 | 300 | 9 | 9 |
| പലവക | LS | 9.1 | 1.78 | 16.2 | 16.2 |
| മേറ്റ് | തൊഴിൽദിനം | .060 | 363 | 21.78 | 21.78 |
| ബെൽഡാർ(beldar) ബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.460 | 329 | 480.34 | 480.34 |
| ബെൽഡാർ(beldar)ടാക്ക് കോട്ട് ചെയ്യുന്നതിന് | -ടി- | .190 | 329 | 62.51 | 62.51 |
| ബെൽഡാർ(beldar) | -ടി- | .470 | 329 | 154.63 | 154.63 |
| | | | ആകെ | 2878.65 | 2474.15 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 28.78 | 24.74 |
| | | | | 2907.43 | 2498.89 |
| (-)1%വാട്ടർചാർജ് ഉൾപ്പെടെയുള്ളബിറ്റുമിൻ വില കുറയ്ക്കുക (1645.5+ 16.46=1661.96) | | | | | 1661.96 |
| | | | | | 836.93 |
| (+)കോസ്റ്റ് ഇൻഡക്സ് (1.3143x836.93) | | | | | 1099.98 |
| (+)ബിറ്റുമിൻവില | | | | | 1661.96 |
| | | | | | 2761.94 |
| (+)കരാറ്കാരന്റെ ലാഭം (10%),ഓവർഹെഡ് ചാർജ്ജ്(5%) | | | | 436.11 | 414.29 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 3343.54 | 3176.23 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 33.43 | 31.76 |
| കോസ്റ്റ്ഇൻഡക്സ്(1.3143 | | | | 43.94 | |

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ബിറ്റുമിൻ വിനിയോഗിച്ച് ചെയ്ത ഇനവും D.S.R. പ്രകാരം നൽകിയ തുകയും ( എം. ബുക്ക് പ്രകാരം) | നൽകേണ്ട നിരക്ക് | അധികം നൽകിയത് |
|---|---|---|---|---|
| 1 | മഞ്ഞക്കുളം LPS – നാരക്കോ ട് LPS റോഡ് ടാറിംഗ് 22/16 എംബുക്ക് 23/15-16 ബിൽനം 7/ 29.2.16 (499629 രൂപ) എഗ്രീമെന്റ് | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്- 789$m^2$. $m^2$ന് 59.63 രൂപ നിരക്കിൽ 47048രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിം ഗ് കാർപ്പറ്റ്-789$m^2$. | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്- 789$m^2$ $m^2$ന് 41.36 രൂപ നിരക്കിൽ 32633.04രൂപ<br>2)പ്രിമിക്സ്ഡ് | 299788.37-238822.41= 60965.96രൂപ |

| | | | | |
|---|---|---|---|---|
| | നം. 1/AEE/MBP /15-16/ 4.8.15 കരാറുകാരൻ സി.എം.മാധവൻ<br>സാങ്കേതികാനുമതി AEE/TS/MBP/3 /15-16 8.7.15 അസി.എക്സിക്യൂട്ടിവ് എഞ്ചിനിയർ: ദിലീപ് കുമാർ.K<br>തുക: 499650<br>(വികസനഫണ്ട്) | $m^2$ന് 202.73 നിര ക്കിൽ 159953.97രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്- 789$m^2$. $m^2$ന് 117.60 രൂപ നിരക്കിൽ 92786.40രൂപ<br>ആകെ=299788.37രൂപ | ചിപ്പിംഗ് കാർപ്പറ്റ്- 789$m^2$.. $m^2$ന് 167.65രൂപ നിര ക്കിൽ 132275.85രൂപ<br>3)ചിപ്പിംഗ് കാർ പ്പറ്റിന് മേൽ സീൽ കോട്ട്-789$m^2$. $m^2$ന് 93.68 രൂപ നിരക്കിൽ 73913.52രൂപ = ആകെ 238822.41 | |
| 2 | മനന്താട്ട് ചൂരക്കാട്ട് എസ് സി റോഡ് ടാറിംഗ് 29/16 എംബുക്ക് 29/15-16, 32/15-16 ബിൽനം 12/ 28.2.16 (655568 രൂപ) എഗ്രീമെന്റ് നം. 11/AEE /MBP/15-16/ 23.2.16 കരാറുകാരൻ മഠത്തിൽ ദിനേശൻ<br>സാങ്കേതികാനുമതി AEE/TS/MBP/132 /15-16 30.7.15 അസി.എക്സിക്യൂട്ടിവ് എഞ്ചിനിയർ:ദിലീപ് കുമാർ<br>തുക: 700000<br>(വികസനഫണ്ട്) SCP | 1)VG-30 വിനിയോ ഗിച്ചുള്ള ടാക്ക് കോട്ട്- 1053.275$m^2$. $m^2$ന് 43.60 രൂപ നിരക്കിൽ 45922.79രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിം ഗ് കാർപ്പറ്റ്-1242.375$m^2$. $m^2$ന് 202.73 നിര ക്കിൽ 251866.68രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്- 1242.375$m^2$. $m^2$ന് 117.60 രൂപ നിരക്കിൽ 146103.30രൂപ<br>ആകെ=443892.77രൂപ | 1)VG-30 വിനി യോഗിച്ചുള്ള ടാക്ക് കോട്ട്- 1053.275m2. M2ന് 31.76 രൂപ നിരക്കിൽ 33452.01രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്- 1242.375$m^2$ .$m^2$ന് 167.65രൂപ നിര ക്കിൽ 208284.16രൂപ<br>3)ചിപ്പിംഗ് കാർ പ്പറ്റിന് മേൽ സീൽ കോട്ട്- 1242.375$m^2$. $m^2$ന് 93.68 രൂപ നിരക്കിൽ 116385.69രൂപ = ആകെ 358121.86 | 443892.77-358121.86= 85770.91 |
| 3 | പാക്കനാർപുരം കുലുപ്പ സ്കൂൾ റോഡ് ടാറിംഗ് 16/16 എംബുക്ക് 30/15-16 ബിൽനം 8/ 11.3.16 (445350 രൂപ) എഗ്രീമെന്റ് നം. 5/AEE/MBP /15-16/ 22.8.15 കരാറുകാരൻ SWALCOS<br>സാങ്കേതികാനുമതി | 1)VG-30 വിനിയോ ഗിച്ചുള്ള ടാക്ക് കോട്ട്- 1064.85$m^2$. $m^2$ന് 43.60 രൂപ നിരക്കിൽ 46427.46രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിം ഗ് കാർപ്പറ്റ്-1064.85 $m^2$ $m^2$ന് 202.73 നിരക്കിൽ215877.04രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്- | 1)VG-30 വിനി യോഗിച്ചുള്ള ടാക്ക് കോട്ട്- 1064.85 m2. M2ന് 31.76 രൂപ നിരക്കിൽ 33819.64രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്- 1064.85 $m^2$ . $m^2$ന് 167.65രൂപ നിരക്കിൽ 178522.10രൂപ | 387530.86- 312096.89= 75433.97 |

| | | | | |
|---|---|---|---|---|
| | AEE/TS/MBP/4 /15-16 8.7.15 അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ:ദിലീപ് കുമാർ.K<br>തുക: 499159(വികസന ഫണ്ട്) | 1064.85m$^2$. m$^2$ന് 117.60 രൂപ നിരക്കിൽ 125226.36രൂപ ആകെ=387530.86രൂ | 3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽ കോട്ട്-1064.85 m$^2$. m$^2$ന് 93.68 രൂപ നിരക്കിൽ 99755.15രൂപ = ആകെ 312096.89 | |
| 4 | ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് റോഡ് ടാറിംഗ് 36/16 എംബുക്ക് 24/15-16 ബിൽനം 17/31.3.16 (499362 രൂപ) എഗ്രീമെന്റ് നം. 8/AEE/MBP /15-16/ 13.11.15 കരാറുകാരൻ ULCCS<br>സാങ്കേതികാനുമതി AEE/TS/MBP/197 /15-16 14.9.15 അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ:ദിലീപ് കുമാർ.<br>തുക: 500000(വികസന ഫണ്ട്) | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്- 546.575m$^2$. m$^2$ന് 59.63 രൂപ നിരക്കിൽ 32592.27രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിം ഗ് കാർപ്പറ്റ്-546.575m$^2$. m$^2$ന് 202.73 നിരക്കിൽ 110807.15രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്- 546.575m$^2$. m$^2$ന് 117.60 രൂപ നിരക്കിൽ 64277.22രൂപ<br>ആകെ=207676.64രൂ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്- 546.575 m$^2$. m$^2$ന് 41.36 രൂപ നിരക്കിൽ 22606.34രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്- 546.575m$^2$. m$^2$ന് 167.65രൂപ നിരക്കിൽ 91633.30 രൂ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽ കോട്ട്-546.575m$^2$. m$^2$ന് 93.68 രൂപ നിരക്കിൽ 51203.15രൂപ = ആകെ 165442.79 | 207676.64-165442.79= 42233.85 |
| 5 | കൊല്ലർകണ്ടി മുറിച്ചാണ്ടി മുക്ക് കനാൽ റോഡ് ടാറിംഗ് 23/16 എംബുക്ക് 21/15-16 ബിൽനം 14/28.3.16. (986252 രൂപ) എഗ്രീമെന്റ് നം. 7/AEE/MBP /15-16/ 1.10.15 കരാറുകാരൻ സുമേഷ്.കെ<br>സാങ്കേതികാനുമതി AEE/TS/MBP/133 /15-16 30.7..15 അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ:ദിലീപ് | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്- 913.50m$^2$. m$^2$ന് 59.63 രൂപ നിരക്കിൽ 54472.01രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിം ഗ് കാർപ്പറ്റ്-913.50m$^2$ m$^2$ന് 202.73 നിരക്കിൽ 185193.86രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്- 913.50m$^2$. m$^2$ന് 117.60 രൂപ നിരക്കിൽ 107427.60രൂപ<br>ആകെ=347093.47രൂ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്- 913.50 m$^2$. m$^2$ന് 41.36 രൂപ നിരക്കിൽ 37782.36രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്- 913.50m$^2$. m$^2$ന് 167.65രൂപനിരക്കിൽ 153148.27 രൂ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽ കോട്ട്-913.50m$^2$. m$^2$ന് 93.68 രൂപ നിരക്കിൽ 85576.68രൂപ = | 347093.47-276507.31= 70586.15 |

| | | | | |
|---|---|---|---|---|
| | കുമാർ.K<br>തുക: 1000000(വികസന ഫണ്ട്) | | ആകെ 276507.31 | |
| | ആകെ | | | 334990.69 |

മാർക്കറ്റ് വിലയേക്കാൾ കൂടുതലുള്ള ഡിഎസ്ആർ നിരക്ക് ഉൾപ്പെടുത്തി ബിറ്റുമിൻ പ്രവൃത്തികളുടെ നിരക്ക് നിർണ്ണയിച്ചതിനാൽ കരാറുകാർക്ക് അധികമായി നൽകിയ 334991 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## 3-2 കരാർ വൈകിയതിന് മതിയായ പിഴ ഈടാക്കിയില്ല - പ്രവൃത്തി വൈകിയതിന് പിഴയും നടപടിയുമില്ല

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതായിരുന്നു. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി മുതൽ യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി വരെയുള്ള കാലയളവിലേക്ക് ആദ്യ മൂന്നു മാസത്തേക്ക് പിഎസി തുകയുടെ 1 ശതമാനവും പിന്നീടുള്ള ഓരോ മൂന്നു മാസത്തിനും 2% വീതവും പിഴ ഈടാക്കേണ്ടതായിരുന്നു.

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കാത്തതിനാൽ പിഴയിനത്തിൽ ലഭിക്കുമായിരുന്ന തുക നഷ്ടമുണ്ടായി. വിശദ വിവരം താഴെ പറയുന്നു.

(1)പട്ടോണക്കുന്ന് കണ്ടം ചിറ റോഡ് 41/16

അടങ്കൽ :700000 വികസനഫണ്ട്

300000 ഗ്രാമപഞ്ചായത്ത് വിഹിതം

1000000

സാങ്കേതിക അനുമതി :AEE/TS/MBP/194/14-15 16.12.14

സെലക്ഷൻ നോട്ടീസ്: AEE/MBP/D1/14-15 23.2.15

എഗ്രിമെന്റ് :9/AEE/MBP/14-15 17.3.15 അസി.എക്സി.എഞ്ചിനീയർ-ബിന്ദു ജാസ്മിൻ W.S

കരാറുകാരൻ :ഡി.എം.കുഞ്ഞിക്കണ്ണൻ

കാലാവധി :6 മാസം

ചെലവ് :700000/- 6/15-16/29.2.16

300000/- ഡിഡി നം. 918820/7.4.16 ഗ്രാമപഞ്ചായത്ത് വിഹിതം

1000000/-

പി.എ.സി - 993623/- (1000000-6327LS)

6 മീറ്റർ വീതിയുള്ള റോഡിന്റെ 1.7 m ചെയിനേജിൽ പൊട്ടിപ്പൊളിഞ്ഞ താഴ്ന്ന ഭാഗം ഉയർത്തി മെറ്റലിംഗ് ടാറിംഗ് നടത്തുന്നതിനും ബാക്കി ഭാഗം പോട്ട് ഹോൾ ഫില്ലിംഗ് നടത്തി 36mm ലവലിംഗ് കോഴ്സ് ചെയ്ത് റീടാർ ചെയ്യുന്നതിനുമാണ് എസ്ററിമേറ്റ്.

സെലക്ഷൻ നോട്ടീസ് തിയ്യതിയായ 23.2.15 മുതൽ 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വയ്ക്കാത്തതിനാൽ പി.എ.സിയുടെ 1% പിഴ ഈടാക്കേണ്ടിയിരുന്നു. പിഎസി 993623രൂപയുടെ 1% തുകയായ 9937 രൂപ ഈടാക്കിയില്ല. ഉത്തരവിൽ പരാമർശിച്ച മറ്റു നടപടികൾ സ്വീകരിച്ചില്ല.

എഗ്രിമെന്റ് തിയ്യതിയായ 17.3.15 ന് 10 ദിവസത്തിനുള്ളിൽ സൈറ്റ് ഏറ്റുവാങ്ങി പ്രവൃത്തി ആരംഭിക്കേണ്ടതായിരുന്നു. എന്നാൽ എംബുക്ക് (17/15) പ്രകാരം പ്രവൃത്തി ആരംഭിക്കുന്നത് 9 മാസത്തിനു ശേഷം 26.12.15 നാണ്. മഴ കാരണം പ്രവൃത്തി ആരംഭിക്കാൻ പറ്റിയില്ല എന്ന കരാറുകാരന്റെ 9.9.15 ലെ കത്ത് അംഗീകരിച്ചിട്ടുണ്ട്. എന്നിട്ടും പ്രവൃത്തി ആരംഭിച്ചത് 26.12.15 നാണ്. കേരളത്തിലെ കാലാവസ്ഥ പ്രകാരം വേനൽക്കാലമായ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ മഴ മൂലം പ്രവൃത്തി ആരംഭിക്കാൻ പറ്റിയില്ല എന്ന വാദം അംഗീകരിക്കത്തക്കതല്ല. ആയതു കൊണ്ടു തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന 17.9.15 മുതൽ പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ച 18.1.16 വരെയുള്ള കാലത്തേക്ക് ആദ്യ 3 മാസത്തേക്ക് 1% വും രണ്ടാമത്തെ 31 ദിവസത്തേക്ക് (3 മാസത്തേക്ക് 2%) ആനുപാതികമായി 2% തുകയും പിഴയായി ഈടാക്കേണ്ടിയിരുന്നു.

993623 x 1% = 9937

993623 x 2% x 31/90 = 6845

16782

എഗ്രിമെന്റ് നിശ്ചിത സമയത്തിനുള്ളിൽ വയ്ക്കാത്തതിനുള്ള പിഴ 9937/- രൂപയും പ്രവൃത്തി വൈകിയതിനുള്ള പിഴ 16782/- രൂപയും ഈടാക്കിയിട്ടില്ല.

(2) പാക്കനാർപുരം കുലുപ്പ സ്കൂൾ റോഡ് ടാറിംഗ് 16/16

എംബുക്ക് :30/15-16

ബിൽനം :8/ 11.3.16 (445350 രൂപ)

സെലക്ഷൻ നോട്ടീസ് :AEE/MBP/D2/15 27.7.15

എഗ്രീമെന്റ് നം. : 5/AEE/MBP/15-16/ 22.8.15 അസി.എക്സി. എഞ്ചിനിയർ:ദിലീപ് കുമാർ.K

കരാറുകാരൻ : SWALCOS

സാങ്കേതികാനുമതി :AEE/TS/MBP/4/15-16 8.7.15

തുക : 499159(വികസന ഫണ്ട്)

സെലക്ഷൻ നോട്ടീസ് തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വയ്ക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. പിഴ പിഎസി തുകയായ 499159 രൂപയുടെ 1% തുക 4992/- രൂപ ഈടാക്കിയിട്ടില്ല.

(3) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് റോഡ് ടാറിംഗ് 36/16

എംബുക്ക് :24/15-16

ബിൽനം : 17/31.3.16 (499362 രൂപ)

സെലക്ഷൻ നോട്ടീസ് :AEE/MBP/D1/2015 തിയ്യതി 1.10.15

എഗ്രീമെന്റ് നം. :8/AEE/MBP/15-16/13.11.15 അസി.എക്സി എഞ്ചിനിയർ:ദിലീപ് കുമാർ.K

കരാറുകാരൻ :ULCCS

സാങ്കേതികാനുമതി :AEE/TS/MBP/197/15-16 14.9.15

തുക : 500000(വികസന ഫണ്ട്)

സെലക്ഷൻ നോട്ടീസ് തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വയ്ക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. പിഴ പിഎസി തുകയായ 499362 രൂപയുടെ 1% തുക 4994/- രൂപ ഈടാക്കിയിട്ടില്ല.

(4)പുനത്തിൽ താഴെ അകലാപ്പുഴ റോഡ് 42/16

എംബുക്ക് :4/15-16

ബിൽനം :4/20.1.16 425830

:9/11.3.16 241179

എഗ്രീമെന്റ് നം. :8/AEE/MBP/14-15/13.3.15

കരാറുകാരൻ :നിർജാസ്.പി

സാങ്കേതികാനുമതി :AEE/TS/MBP/262/14-15 20.2.15

തുക : 700000(വികസന ഫണ്ട്)

പിഎസി : 696397/- (700000-3603LS)

ആകെ 810 മീറ്റർ നീളമുള്ള മേൽ റോഡിന്റെ 0/725 – 0/810 വരെയുള്ള മൺ റോഡ് സോളിംഗ് മെറ്റലിംഗ് ടാറിംഗിനും നിലവിൽ ടാർ ചെയ്ത ബാക്കി ഭാഗം പോട്ട് ഹോൾ ഫില്ലിംഗ്, റോഡ് പൊളിഞ്ഞ ഭാഗത്ത് സബ് ഗ്രേഡ് ബലപ്പെടുത്തി റീടാറിംഗ് എന്നിവയ്ക്കാണ് പ്രോജക്ട്. 17.3.15 ലെ AEE/MBP/D1/2014-15 വർക്ക് ഓർഡർ പ്രകാരം മേൽ പ്രവൃത്തിക്ക് 3 മാസമാണ് പൂർത്തീകരണ കാലാവധി. ആയതു പ്രകാരം പ്രവൃത്തി 17.6.15 ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ മഴ മൂലം പ്രവൃത്തി ആരംഭിക്കാനായിട്ടില്ല എന്ന കരാറുകാരന്റെ 16.6.2015 ലെ അപേക്ഷ അനുവദിക്കുകയും പൂർത്തീകരണ തിയ്യതി 30.12.15 വരെ നീട്ടിക്കൊടുക്കുകയും ചെയ്തു. എം ബുക്ക് പ്രകാരം 17.8.15 നാണ് പ്രവൃത്തി ആരംഭിച്ചത്. അവസാനിച്ചത് നീട്ടിക്കൊടുത്ത സമയ പരിധിയും കഴിഞ്ഞ് 19.2.16 നാണ്. കേരളത്തിലെ കാലാവസ്ഥ പ്രകാരം വേനൽക്കാലമായ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ മഴ മൂലം പ്രവൃത്തി ആരംഭിക്കാൻ പറ്റിയില്ല എന്ന വാദം അംഗീകരിക്കത്തക്കതല്ല. ആയതു കൊണ്ടു തന്നെ പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന 17.6.15 മുതൽ പ്രവൃത്തി പൂർത്തിയാക്കിയ 19.2.16 വരെയുള്ള കാലത്തേക്ക് ആദ്യ മൂന്നു മാസത്തേക്ക് 1% പിഴയും പിന്നീടുള്ള 4 മാസത്തേക്ക് 3മാസത്തിന് 2% നിരക്കിലും പിഴ ഈടാക്കേണ്ടിയിരുന്നു.

696307 x 1% = 6963.00 (16.9.2015 വരെ)

696307 x 2% = 13926.00 (16.2.2015 വരെ)

696307 x 2%x65/90 = 10058.00

30947.00

30947/- രൂപ പിഴയായി ഈടാക്കിയിട്ടില്ല.

(5) ആയുർവേദ ഹോസ്പിറ്റൽ അറ്റകുറ്റപ്പണി 22/16

എംബുക്ക് : 16/14-15, 3/15-16, 5/15-16

ബിൽനം : 169076/- 11/15-16 26.3.16

എഗ്രീമെന്റ് നം. : 4/AEE/MBP/14-15/31.1.15

കരാറുകാരൻ : ഇ.എം കുഞ്ഞഹമ്മദ്

സാങ്കേതികാനുമതി: AEE/TS/MBP/189/14-15 16.12.14

തുക : 500000(വികസന ഫണ്ട്)

പിഎസി : 492719/- (500000-7281 LS)

ആയുർവേദ ഹോസ്പിറ്റൽ മെഡിസിൻ സ്റ്റോർ നിലം ടൈൽ പതിക്കൽ കിച്ചൺ അറ്റകുറ്റപ്പണികൾ, പിറ്റ് നിർമ്മാണം പെയിന്റിംഗ് ടോയ് ലെറ്റ് നിർമ്മാണം കോമ്പൗണ്ട് മതിൽ അറ്റകുറ്റപ്പണി ഒപി ബ്ലോക്ക് അറ്റകുറ്റപ്പണി എന്നിവയാണ് ഉൾപ്പെടുത്തിയത്. 2 മാസമാണ് പൂർത്തീകരണ കാലാവധി നൽകിയിരുന്നത്. ആയതു പ്രകാരം 31.3.15 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 26.10.15 നാണ്. പ്രവൃത്തി നടത്തിപ്പിന് തടസ്സങ്ങളുണ്ടായതിന് കരാറുകാരന്റെ ഭാഗത്തു നിന്നും ഒരു തരത്തിലുള്ള അപേക്ഷയും ഫയലിൽ ലഭ്യമല്ല. പ്രവൃത്തി അകാരണമായി 6 മാസവും 26 ദിവസവും വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.

ആദ്യ മൂന്നുമാസം പിഎസിയുടെ1% 492719 x 1% = 4927 (30.06.2015 വരെ )

രണ്ടാമത്തെ മൂന്നു മാസം 2% 492719 x 2% = 9854(30.09.2015 വരെ )

പിന്നീടുള്ള 26 ദിവസത്തിന് 492719 x 2%x26/90 = 2847

17628

(6) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അറ്റകുറ്റപ്പണി 44/16 (21/15)

എംബുക്ക് :18/14-15, 28/15-16,6/15-16

ബിൽനം : 37173/- 10/15-16 26.3.16

സെലക്ഷൻ നോട്ടീസ് : AEE/MBP/188/14-15 16.12.14

എഗ്രീമെന്റ് നം. :5/AEE/MBP/14-15/31.1.15

കരാറുകാരൻ :ഇ.എം കുഞ്ഞഹമ്മദ്

സാങ്കേതികാനുമതി :AEE/TS/MBP/188/14-15 16.12.14

തുക : 550000(വികസന ഫണ്ട്)

പിഎസി : 487008/- (550000- (61916 LS for wiring +1076 LS)

നിലവിലുള്ള ഹാൾ മീറ്റിംഗ് ഹാളാക്കാനുള്ള ഫിനിഷിങ്ങ് (നിലം വിട്രിഫൈഡ് ടൈൽ, PVC പാനൽ സീലിംഗ് പ്ലാസ്റ്ററിംഗ് പെയിന്റിംഗ്, സ്റ്റെയർകേസ് സ്റ്റീൽ ഹാന്റ്റെയിൽസ്) കിണർ പകുതി സ്ലാബിടൽ ഗേറ്റ് സ്ഥാപിക്കൽ ഇന്റർലോക്ക് സ്ഥാപിക്കൽ എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയത്. സെലക്ഷൻ നോട്ടീസിൽ പൂർത്തീകരണം സൈറ്റ് ഏറ്റുവാങ്ങി 2 മാസമാണ്. ആയതിനനുസരിച്ചാണ് എഗ്രിമെന്റ് വച്ചത്. 31.1.2015 ന് എഗ്രിമെന്റ് വച്ച പ്രവൃത്തി 4.2.15 ന് തന്നെ ആരംഭിച്ചു. പൂർത്തീകരിക്കേണ്ടത് 31.3.2015 നായിരുന്നുവെങ്കിലും 10 മാസം വൈകി 3.2.16 നാണ് അവസാനിച്ചത്. മേൽപ്പറഞ്ഞ ഗവ. ഉത്തരവ് പ്രകാരം പ്രവൃത്തി വൈകിയ ആദ്യ മൂന്നു മാസത്തേക്ക് 1% വും പിന്നീടുള്ള ഓരോ മൂന്നു മാസത്തിനും 2% വീതവും പിഴ ഈടാക്കേണ്ടിയിരുന്നു.

| | | |
|---|---|---|
| 1.4.15 – 30.6.15 | 487008 x 1% | 4870.08 |
| 1.7.15 – 30.9.15 | 487008 x 2% | 9740.16 |
| 1.10.15 – 31.12.15 | 487008 x 2% | 9740.16 |
| 1.1.16 – 3.2.16 | 487008 x 2% x 34/90 | 3679.62 |
| | | 28030.02 |

പ്രവൃത്തി വൈകിയതിന് 28030 രൂപ പിഴയായി ഈടാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ രീതിയിൽ പിഴ ഈടാക്കാത്തതു മൂലം ആകെ 113310/- രൂപ കരാറുകാർക്ക് അധികമായി നൽകിയിട്ടുണ്ട്. ആയത് ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് (എഗ്രിമെന്റ് വച്ച/ഫൈനൽ ബിൽ നല്കിയ) ഈടാക്കേണ്ടതാണ്.

## 3-3 മേഖലാ ചുമതലകൾ ലംഘിച്ച് പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് നം. എസ്. 0007/16 – സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പഠനോപകരണങ്ങൾ

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

അടങ്കൽ - 25,000/- രൂപ ( വികസന ഫണ്ട് )

ചെലവ് - 14,639/-രൂപ ( ബിൽ നം. 31/15-16 തീയതി. 26.3.16 )

പ്രോജക്ടിന് അംഗീകാരം നൽകിയ ഉദ്യോഗസ്ഥൻ - ശ്രീ. ഗിരീഷ് ചോലയിൽ,
ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടർ, കോഴിക്കോട്

പ്രോജക്ടിന് അംഗീകാരം നൽകിയ തീരുമാനം നമ്പർ - 2 / 18.5.2015

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട്, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളുടെ പരിധിയിൽ വരുന്നതല്ല. മേൽ നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയാണ്. മേഖലാ ചുമതലകൾ ലംഘിച്ച കൊണ്ട് സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിനായി 2015-16 വർഷം താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | തുടർ വിദ്യാഭ്യാസ പഠിതാക്കളുടെ സംഗമം -<br>ബാനർ, മൊമന്റോ, സമ്മാനം | 2,089 |
| 2 | മൈക്ക് സെറ്റ്, വണ്ടിക്കൂലി | 950 |
| 3 | ഫോട്ടോ | 600 |
| 4 | ഭക്ഷണം | 6,000 |
| 5 | പത്താം തരം പഠന സഹായി | 5,000 |
| | ആകെ | 14,639 |

മേഖലാ ചുമതലകൾ ലംഘിച്ച കൊണ്ട് മേൽ പ്രകാരം തുക ചെലവഴിച്ചതിന് അർഹമായ അനുമതി വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് അംഗീകരിക്കുന്നില്ല. ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പ്രോജക്ടിന് അംഗീകാരം നൽകിയ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ

പ്രോജക്ട് :8/16 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം

നിർവ്വഹണം :പട്ടികജാതി വികസന ഓഫീസർ

അടങ്കൽ : 598400/- വികസന ഫണ്ട്

ചെലവ് : 598400 ബിൽ നം.2/15-16 തിയ്യതി 17.3.16

പ്രോഫഷണൽ കോഴ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിന് സഹായകരമാകുന്നതിന് 18.3.15 ലെ സ.ഉ. 787/15/തസ്വഭവ ഉത്തരവനുസരിച്ച് ലാപ് ടോപ്പ് നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. സർക്കാർ ഉത്തരവ് കൃത്യമായി പാലിച്ചില്ല

2.12.14 ലെ സ.ഉ(സാധാ)3172/14/തസ്വഭവ ഉത്തരവു പ്രകാരം പട്ടികജാതി/വർഗ്ഗ വ്യക്തിഗത ആനുകൂല്യങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് നല്കാമെങ്കിലും ആയതിന് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നല്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തുകൾ നല്കിയ ഗുണഭോക്തൃ ലിസ്റ്റിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായി.

തുറയൂർ ഗ്രാമപഞ്ചായത്ത് - ലിസ്റ്റ് ഭരണ സമിതി അംഗീകരിച്ച വിവരമില്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയ (80 മാർക്കുള്ള 2 പേർ, 60 മാർക്കുള്ള 5 പേർ എന്നിവരെ ഒഴിവാക്കി 40 മാർക്കുള്ള 5 പേർക്കും 20 മാർക്കുള്ള 4 പേർക്കും നല്കി) കൂടുതൽ മാർക്ക് കിട്ടിയവരെ ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

തിക്കോടി ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് തലത്തിൽ അർഹതയുടെ അടിസ്ഥാനത്തിൽ സമഗ്രമാക്കിയ ഗുണഭോക്തൃ ലിസ്റ്റ്

ലഭ്യമാക്കിയില്ല.

കീഴരിയൂർ ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് തലത്തിൽ അർഹതയുടെ അടിസ്ഥാനത്തിൽ സമഗ്രമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ അപേക്ഷകരുടെ വിവരം എന്ന പേരിൽ അസി. സെക്രട്ടറി ഒപ്പിട്ട ലിസ്റ്റാണ് ലഭ്യമാക്കിയത്.

മേപ്പയൂർ ഗ്രാമപഞ്ചായത്ത് ലിസ്റ്റിലെ കൂടുതൽ മാർക്കുള്ളവരെ ഒഴിവാക്കി മാർക്ക് രേഖപ്പെടുത്താത്ത ഒരാൾക്ക് നല്കി. ലിസ്റ്റ് ഭരണ സമിതി അംഗീകരിച്ച വിവരമില്ല.

2. കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം 2014-15 ൽ വിദ്യാർത്ഥിയായിരുന്നയാൾക്ക് 2015-16 ൽ ആനുകൂല്യം നല്കി

18.3.15 ലെ സ.ഉ. 787/15/തസ്വഭവ ഉത്തരവനുസരിച്ച് വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് നല്കേണ്ടത്. എന്നാൽ തിക്കോടി ഗ്രാമപഞ്ചായത്തിലെ ഗംഗാദേവി എന്ന ഗുണഭോക്താവിന് അവർ പഠിച്ചിരുന്ന ആതുരാശ്രമം NSS ഹോമിയോ മെഡിക്കൽ കോളജ് 2.2.2016 ന് നൽകിയ കോഴ്സ് സർട്ടിഫിക്കറ്റ് അനുസരിച്ച് അവർ 2014-15 ലാണ് പ്രസ്തുത കോളജിൽ പഠിച്ചിരുന്നത്. ആയതു പ്രകാരം നിലവിൽ വിദ്യാർത്ഥി അല്ലാത്തയാൾക്ക് ആനുകൂല്യം നല്കി. ഈയിനത്തിൽ ഗുണഭോക്താവിന് നൽകിയ ലാപ് ടോപ്പിനു വന്ന 27200/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ബാക്കി തുക 571200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൃത്യമായ രേഖകളുടെ പിൻബലത്തിൽ മറുപടി നൽകാത്ത പക്ഷം ഇക്കാര്യത്തിൽ തുടരഭിപ്രായം പുറപ്പെടുവിക്കുന്നതാണ്.

## 3-5 വോയ്ഡ്സ് കുറയ്ക്കാതെ മെറ്റൽ സ്റ്റാക്ക് ചെയ്തതിന് തുക നല്കി

മനന്താട്ട് ചൂരക്കാട്ട് എസ് സി റോഡ് റീടാറിംഗ് :29/16

എംബുക്ക് :29/15-16, 32/15-16

ബിൽനം :12/ 28.2.16 (655568 രൂപ)

എഗ്രീമെന്റ് നം. :11/AEE/MBP/15-16/ 23.2.16

കരാറുകാരൻ : മഠത്തിൽ ദിനേശൻ

സാങ്കേതികാനുമതി: AEE/TS/MBP/132/15-16 30.7.15

അടങ്കൽ തുക : 700000 (വികസനഫണ്ട്) SCP

ഡി.എസ്.ആർ പ്രകാരം ഗ്രേഡഡ് മെറ്റൽ സ്റ്റാക്ക് ചെയ്തതിനു ശേഷം പ്രവൃത്തിക്ക് ഉപയോഗിച്ച മെറ്റലിന്റെ 7.5% വോയ്ഡ്സിന്റെ അളവ് കുറച്ചതിനു ശേഷം മാത്രമേ തുക നൽകുവാൻ പാടുള്ളൂ. എന്നാൽ ഓഡിറ്റ് വർഷം ഡി.എസ്.ആർ നിരക്കിൽ കരാറുകാരൻ മുഖേന നടപ്പിലാക്കിയ മേൽ റോഡ് റീടാറിംഗ് പ്രവൃത്തിയിൽ വോയ്ഡ്സിന്റെ അളവ് കുറക്കാതെയാണ് ബിൽ തയ്യാറാക്കിയത്. അപ്രകാരം അധിക നിരക്കിലുള്ള തുക നൽകി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഗ്രേഡ്-111 മെറ്റൽ ഉപയോഗിച്ചതിനുള്ള ചെലവ് (ബിൽ/എം.ബുക്ക് പ്രകാരം) | 7.5% വോയിഡ്സ് കുറച്ചതിനു ശേഷം കൺവീനർക്ക് അർഹമായ തുക | വ്യത്യാസം |
|---|---|---|
| 73906.91<br>(41.531m3 @1779.56/ m3) | 68363.58<br>(38.416m3 @1779.56/ m3) | 5543.33 |

മേൽപ്പറഞ്ഞതു പ്രകാരം വോയ്ഡ്സ് കുറവു ചെയ്യാതിരുന്നതു മൂലം 5543/- രൂപയുടെ നഷ്ടം ഉണ്ടായി. ആയത് നഷ്ടത്തിന് ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥൻ ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-6 ഘടക സ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് :46/15-16 ഘടക സ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ :188640 (MG(NR)

നിർവ്വഹണം :അസി.എക്സി.എഞ്ചിനീയർ

ചെലവ് :86210 1/15-16/30.7.15

36450 2/15-16/20.8.15

63410 15/15-16/28.3.16

186070

മേൽ പ്രോജക്ട് പ്രകാരം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് ഫർണിച്ചറുകൾ, 1 KVA യുപിഎസ്, എന്നിവ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടത്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ടായി.

(1) ബ്രാൻഡ് പേര് പരാമർശിച്ച് കൊണ്ട് ക്വട്ടേഷൻ ക്ഷണിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖ പ്രകാരം ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കുന്നതിൽ ബ്രാൻഡിന്റെ പേര് പരാമർശിക്കാൻ പാടില്ല. എന്നാൽ ആയതിനു വിരുദ്ധമായി 10.2.2016 ലെ AEE/MBP/D1/15-16 ക്വട്ടേഷൻ നോട്ടീസിൽ മേലടി ബ്ലോക്ക് പഞ്ചായത്തിലെ എൽഎസ് ജിഡി ഗോദ്റേജ് ബ്രാൻഡ് കസേരകൾ 11 എണ്ണം നൽകുന്നതിന് എന്നാണ് രേഖപ്പെടുത്തിയത്. ക്വട്ടേഷൻ നോട്ടീസിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും മൂന്നു തരത്തിൽപ്പെട്ട കസേരകളാണ് വാങ്ങിയത്. ഏറ്റവും കുറവ് ക്വാട്ടു ചെയ്ത പ്യൂപ്പിൾസ് റേഡിയോ സർവ്വീസ് വടകര ഗോദ്റേജ് FU 7101 – 2 എണ്ണത്തിന് 7850 വീതം 15700, FU 7102 – 5 എണ്ണത്തിന് 6950 വീതം 34750 FU 1004 – 4 എണ്ണത്തിന് 3240 രൂപ വീതം 12960 എന്നിങ്ങനെ 63410 രൂപയ്ക്ക് ക്വാട്ടു ചെയ്യുകയും ആയത് വാങ്ങുകയും ചെയ്തു.

ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ ബ്രാൻഡ് പേര് പരാമർശിച്ചതിനും സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ പല നിരക്കിലുള്ള സാധനങ്ങൾ വാങ്ങിയതിനും വിശദീകരണം നല്കേണ്ടതാണ്.

2. സർക്കാർ അനുവദിച്ചതിലും കൂടുതൽ നിരക്ക് നല്കി റബ്കോയിൽ നിന്നുംഫർണിച്ചറുകൾ വാങ്ങി

24.6.14 ലെ സർക്കാർ ഉത്തരവ്(ആർടി)36/14/എസ്.പി.ഡി, 29.6.15 ലെ സർക്കാർ ഉത്തരവ്(ആർടി)38/15 /എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം റബ്കോയിൽ നിന്നും വാങ്ങാവുന്ന സാധനങ്ങളുടെ വില സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അസി.എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് റബ്കോയിൽ നിന്നും മേശകൾ വാങ്ങിയപ്പോൾ മേൽ പ്പറഞ്ഞ വിലസൂചികയിൽ നിന്നും അധികം നല്കിയതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം/ സർക്കാർ ഉത്തരവിലെ ഇനംനമ്പർ | എണ്ണം/ നിരക്ക് | നല്കിയ തുക | നല്കാവുന്ന നിര ക്ക് | നല്കാവുന്നതുക | കൂടുതൽ നല്കിയത് |
|---|---|---|---|---|---|---|
| 1 | സെമി എക്സിക്യൂട്ടീവ് മേശ item 11 | 2എണ്ണം 11348.66 | 22697.32 | 9738 | 19476 | 3221.32 |
| 2 | എക്സിക്യൂട്ടീവ് മേശ item 10 | 1എണ്ണം 20049.53 | 20049.53 | 17204 | 17204 | 2845.53 |
| 3 | ഓഫീസ് എക്സിക്യൂട്ടീവ് മേശ item 25 | 1എണ്ണം 20994.64 | 20994.64 | 18015 | 18015 | 2979.64 |
| 4 | കമ്പ്യൂട്ടർ മേശ ചെറുത് item 27 | 2എണ്ണം 5775.75 | 11551.50 | 4956 | 9912 | 1639.50 |

| | | | | | | |
|---|---|---|---|---|---|---|
| | | | 75292.99 | | 64607 | 10685.99 |
| | 14.5% vat | | 10917.48 | | 9368.02 | 1549.48 |
| | ആകെ | | 86210 | | 73975 | 12235 |

സർക്കാർ അംഗീകരിച്ച നിരക്കിനേക്കാൾ അധികം നല്കിയതിനാൽ 12235/- രൂപയുടെ അധികച്ചെലവുണ്ടായി.

3. മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി

മേൽ പ്രോജക്ടിന്റെ ഭാഗമായി അസി.എക്സി.എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് 1 KVA online UPS കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയതിനായി 23.3.15 ലെ ITBG/14-15/8255/ITP/3710 നം ഇൻവോയ്സ് പ്രകാരം കെൽട്രോണിന് ഉപകരണ ത്തിന്റെ നികുതിയടക്കമുള്ള വിലയായി 36450/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ യുപിഎസ് സ്ഥാപിച്ചത് ഇഗാടെക്ക് ഇൻഡസ്ട്രയൽ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് (ഇൻസ്റ്റലേഷൻ റിപ്പോർട്ട് നം 6925/17.4.15) ഇഗാ ടെക്കിന്റെ IGOL 1K എന്ന മോഡൽ യുപിഎസ് ആണ് സ്ഥാപിച്ചത്. ആയതിന് മാർക്കറ്റിൽ നികുതിയടക്കം 23000/- രൂപയാണ് വില. (ഇഗാ ടെക്കിന്റെ സെയിൽസ് വിഭാഗത്തിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച്) പൊതു മാർക്കറ്റിലെ വില പരിഗണിക്കാതെ പൊതു മേഖലാ സ്ഥാപനത്തിൽ നിന്നും നേരിട്ടു വാങ്ങിയതിനാൽ 13450 രൂപ അധികം നല്കേണ്ടി വന്നു.
സാധനങ്ങളോ സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ചെയ്ത ക്രമ നം. 1. പ്രകാരമുള്ള 63410/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ അംഗീകരിച്ച നിരക്കിനേക്കാൾ അധികം നല്കിയതിനാൽക്രമ നം. 2 പ്രകാരം 12235/- രൂപയുടെ അധികച്ചെലവുണ്ടായത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്. ക്രമ നം. 3 പ്രകാരം പൊതു മാർക്കറ്റിലെ വില പരിഗണിക്കാതെ പൊതു മേഖലാ സ്ഥാപനത്തിൽ നിന്നും നേരിട്ടു വാങ്ങിയതിനാൽ 13450 രൂപ അധികം നല്കേണ്ടി വന്നതിന് വിശദീകരണം നല്കിയിട്ടില്ല. 13450/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൊതു മേഖലാ സ്ഥാപനത്തിന്റേതല്ലാത്ത സാധനം ടെണ്ടർ ക്ഷണിക്കാതെ വാങ്ങിയത് വിശദീകരിക്കേണ്ടതാണ്.

## 3-7 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് നോൺ സ്റ്റാൻഡേർഡൈസ്ഡ് ഇനങ്ങൾ ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് വാങ്ങി

പ്രോജക്ട് 50/16 കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കോൺഫറൻസ് ഹാൾ ഫർണിച്ചർ വാങ്ങൽ

അടങ്കൽ 500000/-

ചെലവ് 336304/- 8/15-16/28.3.16

151213/- 9/15-16/28.3.16

487517/-

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ കോൺഫറൻസ് ഹാളിലേക്ക് ഫർണിച്ചറും പബ്ലിക്ക് അഡ്രസ്സ് സിസ്റ്റവും വാങ്ങാനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ആയതിൽ താഴെ പറയുന്ന ഫർണിച്ചറുകൾ ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങി.

| | ഇനം | എണ്ണം | നിരക്ക് | തുക | നികുതി | ആകെ |
|---|---|---|---|---|---|---|
| 1 | കോൺഫറൻസ് ഹാളിലേക്ക് ആഞ്ഞിലി മേശ | 1 | 17467 | 17467 | 2532.72 | 19999.72 |
| 2 | റൈറ്റിംഗ് പാഡോടു കൂടിയ ആഞ്ഞിലി കസേര | 80 | 4148 | 331840 | 48116.80 | 379956.80 |
| 3 | മരം കൊണ്ടുള്ള VIP കസേര | 6 | 4373 | 26238 | 3804.51 | 30042.51 |
| 4 | ആഞ്ഞിലി സ്പീച്ചിംഗ് സ്റ്റാൻറ് | 1 | 9372 | 9372 | 1358.94 | 10730.94 |
| | | | | | | 440729.97<br>440730 |

6.3.15 ലെ ജിഒ(ആർടി)12/15/spd ഉത്തരവ് പ്രകാരം ആർട്ടുകോയ്ക്ക് ടെണ്ടർ നടപടികളിൽ നിന്നും ഇളവു കൊടുത്ത ഇനങ്ങളിൽ മേൽപ്പറഞ്ഞവയിൽ ക്രമ നം. 2 ഒഴികെയുള്ളവ ഉൾപ്പെടുന്നില്ല. ക്രമ നം 2 പ്രകാരമുള്ള റൈറ്റിംഗ് പാഡോടു കൂടിയ ആഞ്ഞിലി കസേരയ്ക്ക് 4120/- രൂപയാണ് വില. ആയതു പ്രകാരം 377392/- രൂപയാണ് ആകെ

വില(നികുതിയടക്കം) നല്കേണ്ടിയിരുന്നത്. അതിനു പകരം 379956.80 രൂപ വിലയീടാക്കി. 2564.80 രൂപ അധികം നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ടെണ്ടർ നടപടികളിൽ നിന്നും ഇളവു നൽകാത്ത ഇനങ്ങൾ നേരിട്ട് വാങ്ങിയതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ ചെലവ് 60774/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 നോൺ സ്റ്റാൻഡേർഡ് ഇനം നേരിട്ട് വാങ്ങി

പ്രോജക്ട് – 58/16-താലൂക്ക് ആയുർവേദാശുപത്രിക്ക് സർജ്ജിക്കൽ

ഉപകരണങ്ങൾ മറ്റുപകരണങ്ങൾ കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങൽ

നിർവ്വഹണം – ആയുർവേദ മെഡിക്കൽ ഓഫീസർ

അടങ്കൽ – 415000/- MG(NR)

ചെലവ് – 386524/- 81/15-16/29.3.16

താലൂക്ക് ആയുർവേദ ആശുപത്രിയിലേക്ക് കെൽട്രോൺ, സിഡ്കോ, കെമിൻഡ് ഡയഗ്നോസ്റ്റിക്സ് എന്നിവിടങ്ങളിൽ നിന്നായി കമ്പ്യൂട്ടർ, അനുബന്ധ സാധനങ്ങൾ, ഫർണിച്ചറുകൾ ബെഡ്, പില്ലോ, സർജ്ജിക്കൽ ഉപകരണങ്ങൾ എന്നിവ മേൽ പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയിട്ടുണ്ട്. HW സ്റ്റൂൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. 12.8.15 ലെ ജിഒ (ആർടി) 45/15/SPD ഉത്തരവ് പ്രകാരം സിഡ്കോയ്ക്ക് ടെണ്ടർ നടപടികളിൽ നിന്നും ഇളവു കൊടുത്ത ഇനങ്ങളിൽ ബെഡ്, പില്ലോ എന്നിവ ഉൾപ്പെടുന്നില്ല. 10 ബെഡ്, പില്ലോ എന്നിവയ്ക്കായി 5% വാറ്റടക്കം 29998/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നേരിട്ട് വാങ്ങിയതിന് വിശദീകരണം നൽകിയിട്ടില്ല. 29998/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 മറ്റു വകുപ്പുകളുടെ ആസ്തിയിൽ റോഡ് പ്രവൃത്തി നടത്തുന്നു.

(1) കൊല്ലർകണ്ടി മുറിച്ചാണ്ടി മുക്ക് കനാൽ റോഡ് ടാറിംഗ് :23/16

എംബുക്ക് :21/15-16

ബിൽനം :14/28.3.16. (986252 രൂപ)

എഗ്രീമെന്റ് നം. :7/AEE/MBP/15-16/ 1.10.15

കരാറുകാരൻ :സുമേഷ്.കെ

സാങ്കേതികാനുമതി :AEE/TS/MBP/133/15-16 30.7..15
അസി.എക്സിക്യൂട്ടിവ് എഞ്ചിനിയർ:ദിലീപ് കുമാർ.K

തുക : 1000000(വികസന ഫണ്ട്)

(2) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് റോഡ് ടാറിംഗ് 36/16

എംബുക്ക് : 24/15-16

ബിൽനം : 17/31.3.16 (499362 രൂപ)

എഗ്രീമെന്റ് നം. : 8/AEE/MBP/15-16/ 13.11.15

കരാറുകാരൻ : ULCCS

സാങ്കേതികാനുമതി : AEE/TS/MBP/197/15-16 14.9.15 അസി.എക്സിക്യൂട്ടിവ് എഞ്ചിനിയർ:ദിലീപ് കുമാർ.K

തുക : 500000(വികസന ഫണ്ട്)

കേരളാ പഞ്ചായത്ത് രാജ് നിയമം 172 വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം രണ്ട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുന്ന പ്രവൃത്തികൾ മാത്രമേ ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുക്കാൻ പാടുള്ളൂ. ആയതിനു വിരുദ്ധമായി മുകളിൽ സൂചിപ്പിച്ച രണ്ടു പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടത്തി.

ഒന്നാമത്തെ പ്രവൃത്തി ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയിലാണ്. ഇറിഗേഷൻ വകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല.

സംരക്ഷണത്തിന്റെ ഭാഗമായി ഇറിഗേഷൻ ഉദ്യോഗസ്ഥർക്ക് കനാലിലൂടനീളം പരിശോധന നടത്തുന്നതിനും കനാൽ പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങളുടെ നീക്കപോക്കിനുമായാണ് മേൽ റോഡ് നിർമ്മിച്ചിരിക്കുന്നത്. ആയതുകൊണ്ടു തന്നെ ആയതിന്റെ പ്രധാന ഗുണഭോക്താവും ആയതിൽ പ്രവൃത്തികൾ നടത്തേണ്ടതും ഇറിഗേഷൻ വകുപ്പാണ്. കോ ഓർഡിനേഷൻ കമ്മറ്റി 3.6.15 ന് ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടെ പ്രവൃത്തി നടത്താമെന്ന ശുപാർശ ചെയ്തിട്ടുണ്ട്. എങ്കിലും സർക്കാർ ഉത്തരവു വഴി അനുമതി ലഭ്യമാക്കിയിട്ടില്ല.

രണ്ടാമത്തെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രവൃത്തി നടത്തേണ്ടത് ടൂറിസം വകുപ്പിന്റെ ആസ്തിയിലാണെന്നും ആയതിന് പ്രസ്തുത വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതാണെന്നും അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇത്തരത്തിലൊരു അനുമതി ലഭ്യമാക്കിയിട്ടില്ല.

കേരളാ പഞ്ചായത്ത് രാജ് നിയമത്തിനു വിരുദ്ധമായി മറ്റു വകുപ്പുകളുടെ ആസ്തിയിൽ ഭാവിയിൽ ബാദ്ധ്യത വരുന്ന രീതിയിൽ പ്രവൃത്തി നടത്തിയതിനു വിശദീകരണം നല്കിയിട്ടില്ല. ചെലവു തുക 1485614/- രൂപ തടസ്സപ്പെടുത്തുന്നു

## 3-10 വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് തുക നല്കി - തുക മുഴുവനായി വിനിയോഗിക്കാത്തതും വിനിയോഗ വിവരം നല്കാത്തതും

ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥർ വിവിധ പ്രോജക്ടുകൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക നല്കിയിട്ടുണ്ട്. എന്നാൽ മിക്ക തുകകളും പൂർണ്ണമായി വിനിയോഗിക്കുകയോ വ്യക്തമായ വിനിയോഗ വിവരം അറിയിക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം താഴെ പറയുന്നു.

| ക്രമ നം | പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ബിൽ നം തുക | തുക ലഭി ച്ച ഗ്രാമ പ ഞ്ചായത്ത് / നല്കിയ തുക | ചെലവഴിച്ചത് | ബാക്കി | കുറിപ്പ് |
|---|---|---|---|---|---|
| 1 | 31/16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് സി.ഡി.പി. ഓ703300/- ബിൽ നം 1/15-16 1.10.15 | തിക്കോടി 266000 | 185100 | 80900 | ശേഷിക്കുന്ന തുകതിരിച്ചടവാക്കിയില്ല |
| | | തുറയൂർ 50000 | വ്യക്തമായ വിനിയോഗ വിവരമില്ല | | |
| | | പയ്യോളി 137500 | നല്കിയ തുക പൂർണ്ണ മായിതിരിച്ചടവാക്കി ഗുണഭോക്താ ക്കൾക്ക് സിഡിപി ഓ ബാങ്ക് അക്കൗ ണ്ടിലേക്ക് നേരിട്ട് അടവാക്കി | | ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല |
| 2 | 32/16 ശാരീരിക വെല്ലു വിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ | തിക്കോടി 109000 | തുക വിനിയോഗിച്ചില്ല. പഞ്ചായത്തിലെ പ്രോജക്ടിൽ തുക ഗുണഭോക്തൃ വിഹിതം എന്നാണ് രേഖപ്പെടുത്തിയത്. | | |

| | | | | | |
|---|---|---|---|---|---|
| | സി.ഡി.പി. ഓ 109000/- ബിൽ നം 2/15-16 2.2.16 | | | | |
| 3 | 6/16 പാലിയേറ്റീവ് കെയർ യൂണി റ്റുകൾക്ക് ധനസഹായം മെഡിക്കൽഓഫീസർ സിഎച്ച്സി 200000 ബിൽ നം.2/15-16 16.2.16<br>50000 ബിൽ നം. 7/15-16 28.3.16 | കീഴരിയൂർ | 50000 | - | വിനിയോഗ വിവരമില്ല |
| | | പയ്യോളി<br>50000 | തുകതിരിച്ചടച്ചതായിഅറിയിച്ചു.എന്നാൽ തിരിച്ചടച്ച രേഖകളില്ല | | |

മേൽക്കാണിച്ച അപാകതകൾക്ക് വിശദീകരണം നല്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 477400 തടസ്സപ്പെടുത്തുന്നു.

## 3-11 ആദായ നികുതി ഈടാക്കിയതിൽ കുറവ്

നിർവ്വഹണം : അസി.എക്സി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ നിർവ്വഹണം നടത്തിയതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി, SWALCOഎന്നീ കരാറുകാർക്ക് തുക നല്കിയിട്ടുണ്ട് . ആകെ പ്രവൃത്തിമൂല്യത്തിന്റെ 1%നിരക്കിൽ ആദായനികുതി ഈടാക്കിയാണ് തുക നല്കിയിരിക്കുന്നത് . ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം വ്യക്തികളല്ലാത്ത കരാറുകാരിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 2% നിരക്കിലാണ് ആദായനികുതി ഈടാക്കേണ്ടത്.നികുതി ഈടാക്കിയതിൽ കുറവ് വന്നതിനാൽ താഴെ പറയും പ്രകാരം 9447/- രൂപയുടെ നഷ്ടം കേന്ദ്രസർക്കാരിനുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | ആകെ മൂല്യം | അവസാന ബിൽ തുക | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | നഷ്ടം |
|---|---|---|---|---|---|---|---|
| 1 | ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് റോഡ് ടാറിംഗ് 36/16 എംബുക്ക് 24/15-16<br>അടങ്കൽ 500000 (വികസന ഫണ്ട്) | ULCCS | 499362 | ബിൽനം 17/31.3.16 499362 രൂപ) | 4994 | 9988/- | 4994 |
| 2 | പാക്കനാർപുരം കുലുപ്പ സ്കൂൾ റോഡ് | SWALCOS | 445350 | ബിൽനം.8/ 11.3.16 (445350 | 4454 | 8907 | 4453 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ടാറിംഗ് 16/16 എംബുക്ക് 30/15-16 അടങ്കൽ 499159(വികസന ഫണ്ട്) | | | രൂപ) | | | |
| ആകെ | | | | | | | 9447 |

അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്

## 3-12 ഐ.എ.വൈ ഭവന നിർമ്മാണം - ധനസഹായം ലഭിച്ചവർ നാളിതുവരെയായും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

സ്ഥാപനത്തിൽ സൂക്ഷിച്ച ഐ.എ.വൈ ഭവന നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി നാളിതുവരെയായും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 401 ഗുണഭോക്താക്കൾ ഉണ്ട്. ആയതിൽ 2012-13 വരെയുള്ള വർഷങ്ങളിൽ ഭവന നിർമ്മാണത്തിന് 1,2,3 ഗഡുക്കൾ മാത്രം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വർഷം | അർഹമായ തുക | നൽകിയ തുക | പഞ്ചായത്ത് |
|---|---|---|---|---|---|
| 1 | ചീരു ബാലൻ പുത്തൂർ മീത്തൽ | 2011-12 | 2,00,000 | 22,500 | മേപ്പയ്യൂർ |
| 2 | സീന കൊല്ലാങ്കണ്ടിയിൽ | 2011-12 | 2,00,000 | 37,500 | തുറയൂർ |
| 3 | സുമതി പിണക്കാട്ടു വയലിൽ | 2011-12 | 2,00,000 | 48,250 | തുറയൂർ |
| 4 | നാരായണി മാലോൽ മീത്തൽ | 2012-13 | 2,00,000 | 58,250 | തുറയൂർ |
| 5 | ബീവി പുളിയുള്ളതിൽ | 2012-13 | 2,00,000 | 81,750 | തുറയൂർ |
| 6 | കല്യാണി വേരൻ കയന വയലിൽ | 2012-13 | 2,00,000 | 58,250 | തുറയൂർ |
| 7 | എലങ്കർ മലയിൽ | 2012-13 | 2,00,000 | 20,000 | തുറയൂർ |
| 8 | സരോജിനി അമ്മ തച്ചിനാനി | 2012-13 | 2,00,000 | 20,000 | മേപ്പയ്യൂർ |
| 9 | കണ്ണായി കണ്ണാളൻ തേവർ മീത്തൽ | 2012-13 | 2,00,000 | 45,000 | മേപ്പയ്യൂർ |
| 10 | സവിത നാരായണൻ കീഴട്ട് | 2012-13 | 2,00,000 | 70,000 | മേപ്പയ്യൂർ |
| 11 | ബീന ശ്രീധരൻ ചാലുപറമ്പിൽ | 2012-13 | 2,00,000 | 20,000 | മേപ്പയ്യൂർ |
| 12 | അനു രാകേഷ് | 2012-13 | 2,00,000 | 58,250 | തിക്കോടി |

| | | | | | |
|---|---|---|---|---|---|
| | വാരിക്കോളിതാഴം | | | | |
| 13 | റഫിയ ഹാരിഷ് വെലത്താടത്ത് | 2012-13 | 2,00,000 | 20,000 | തിക്കോടി |
| 14 | കല്യാണി മാധവൻ മഠത്തിക്കുളങ്ങര | 2012-13 | 2,00,000 | 20,000 | തിക്കോടി |

2012-13 വരെയുള്ള വർഷങ്ങളിൽ നാമമാത്രമായി തുക കൈപ്പറ്റിയ മേൽ ഗുണഭോക്താക്കൾ ഗൃഹനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 വാങ്ങൽ കമ്മറ്റി നിഷ്ക്രിയം. മാർഗ്ഗരേഖ പാലിക്കുന്നില്ല - ബ്ലോക്ക് പഞ്ചായത്തിലെ വാങ്ങലുകൾക്ക് ഏകീകൃത സ്വഭാവമില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജിഒ(പി)259/2010/lsgd 8.11.2010)പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും ഉചിത നടപടികളിലൂടെ വാങ്ങൽ നടപടി ആരംഭിക്കേണ്ടതുമാണ്. നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങേണ്ടതാണ്. ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻ നിർത്തി ഒന്നിച്ച് വാങ്ങേണ്ടതാണ്. പ്രസിഡന്റ് ചെയർപേഴ്സണായി വാങ്ങൽകമ്മറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായ പ്രവർത്തനത്തിനായി കമ്മിറ്റി സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് തന്നെ യോഗം ചേരേണ്ടതാണ്. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതാണ്. വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ നിയമാനുസൃത ഓഡിറ്റിനു പുറമെ സോഷ്യൽ ഓഡിറ്റിനും മോണിട്ടറിംഗിനും വിധേയമാക്കേണ്ടതാണ്.

2015-16 വർഷത്തെ ബ്ലോക്ക് പഞ്ചായത്തിലെ വാങ്ങലുകൾ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ നിബന്ധനകളൊന്നും തന്നെ പാലിച്ചിട്ടില്ല. മിനുട്സ് പ്രകാരം വാങ്ങൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം യോഗം ചേർന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ സ്വന്തം നിലയ്ക്ക് നടത്തിയ വാങ്ങലുകൾക്ക് അംഗീകാരം നല്കുക മാത്രമാണ് ചെയ്തത്. വാങ്ങൽ കമ്മറ്റി മൊത്തം വാങ്ങലുകൾ വിലയിരുത്തുകയോ നിരക്കുകൾ , സ്പെസിഫിക്കേഷനുകൾ എന്നിവ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. വാങ്ങൽ ടീം രൂപീകരിച്ചിട്ടില്ല. സാമ്പത്തിക വർഷത്തെ മൊത്തം വാങ്ങലുകൾക്ക് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ഇത്തരം പ്രവർത്തനങ്ങളിലെ അലംഭാവം മൂലം വാങ്ങലിലുണ്ടായ വൈരുദ്ധ്യങ്ങൾക്ക് ഉദാഹരണങ്ങൾ താഴെ പറയുന്നു.

1. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കസേരകൾ വാങ്ങുന്നതിന് ഗോദറെജ് എന്ന ബ്രാന്റ് പേര് പരാമർശിച്ച് ക്വട്ടേഷൻ ക്ഷണിച്ചു. മേശകൾ റബ്കോയിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ നിർദ്ദേശിച്ചതിലധികം തുക നൽകി. യുപിഎസ് കെൽട്രോണിൽ നിന്ന് വാങ്ങിയതിന് പൊതു മാർക്കറ്റിലേക്കാൾ 58 ശതമാനത്തിലധികം തുക ചെലവഴിച്ചു.
2. ആയുർവേദമെഡിക്കൽ ഓഫീസറും കമ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറും ഓഫീസ് ആവശ്യങ്ങൾക്കായി 3 വീതം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ഓഫീസർ കെൽട്രോണിൽ നിന്നും കമ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ റേറ്റ് കോൺട്രാക്ട് പ്രകാരം ഡോട്ട് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത് . വാങ്ങിയതിലെ വ്യത്യാസം താഴെ പറയുന്നു.

| ഇനം | ആയുർവേദമെഡിക്കൽ ഓഫീസർ | കമ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ | വ്യത്യാസം |
|---|---|---|---|
| ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | Core i3 processor 4GB Ram 500 GB sata 18.5”monitor<br>35500x3= | Core i5 processor 4GB Ram 500 GB sata 18.5”monitor<br>37165x3+5%vat= | 10572 |

| | | | |
|---|---|---|---|
| | 106500 | 117072 | |
| യുപിഎസ് | 600 va യുപിഎസ് 2700x3 =8100 | Supra UPS1000va 5686.46+14.5%vatx3= 19533 | 11433 |
| | | | 22005 |

വാങ്ങൽ കമ്മിറ്റി നിരക്കുകൾ വിലയിരുത്തി വാങ്ങലുകൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കാത്തതു മൂലം ഒരേ മേഖലയിലുള്ള രണ്ടു നിർവ്വഹണ ഉദ്യോഗസ്ഥർ ഒരേ ആവശ്യത്തിനു വേണ്ടി വ്യത്യസ്ത വാങ്ങൽ രീതി അവലംബിക്കുകയും വ്യത്യസ്ത സ്പെസിഫിക്കേഷനിൽ വാങ്ങുകയും ചെയ്തു. മാർഗ്ഗരേഖ പാലിച്ചിരുന്നുവെങ്കിൽ 22005/- രൂപ നഷ്ടപ്പെടില്ലായിരുന്നു.

വാങ്ങലുകൾക്ക് സർക്കാർ മാർഗ്ഗരേഖ പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന പദ്ധതിക്ക് വേണ്ടിയുള്ള വായ്പ | ജി.ഒ.(എം.എസ്) നമ്പർ 90/2013 /എൽ. എസ്. ജി. ഡി. തീയതി 14.10.2013 | 50,00,000 | 45,00,000 | 5,50,000 | - | 39,50,000 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-2 | 2001-02 | | ടൂറിസം വികസനം - പദ്ധതി നടപ്പിലായില്ല | ലഭ്യമല്ല |
| 2003-04 | 3-3 | 2003-04 | | കേരള വികസന പദ്ധതി - നിർദ്ദേശങ്ങൾ ലംഘിച്ചു | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,81,26,484 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,82,35,743 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 510483 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2701846 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 334991 | ദിലീപ് കുമാർ.കെ അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 113310 | ബിന്ദു ജാസ്മിൻ w.s അസി.എക്സി.എഞ്ചിനീയർ 9937<br>ദിലീപ് കുമാർ.കെ അസി.എക്സി.എഞ്ചിനീയർ 98113 |
| 3-3 | | 14639 | 7320/-ശ്രീമതി. സൂസമ്മ ഐസക്ക്, സെക്രട്ടറി<br>7319/-ശ്രീ. ഗിരീഷ് ചോലയിൽ, ജില്ലാ വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |

| | | | |
|---|---|---|---|
| 3-4 | | 27200 | ശ്രീ . ഡെയ്സൺ രാജ്, എസ് സി ഡി ഓ |
| 3-5 | | 5543 | ദിലീപ് കുമാർ.കെ അസി.എക്സി.എഞ്ചിനീയർ |
| 3-6 | | 12235 | ദിലീപ് കുമാർ.കെ അസി.എക്സി.എഞ്ചിനീയർ |
| 3-7 | | 2565 | ഡോ. ഉഷ നടുവിലക്കണ്ടിയിൽ മെഡിക്കൽ ഓഫീസർ സിഎച്ച്സി |
| | | 510483 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 571200 | ശ്രീ . ഡെയ്സൺ രാജ്,എസ് സി ഡി ഓ |
| 3-6 | 76860 | ദിലീപ് കുമാർ.കെ അസി.എക്സി.എഞ്ചിനീയർ |
| 3-7 | 60774 | ഡോ. ഉഷ നടുവിലക്കണ്ടിയിൽ , മെഡിക്കൽ ഓഫീസർ സിഎച്ച്സി |
| 3-8 | 29998 | ഡോ. പി. സി. ജെസ്സി , മെഡിക്കൽ ഓഫീസർ ആയുർവേദം |
| 3-9 | 1485614 | ദിലീപ് കുമാർ.കെ അസി.എക്സി.എഞ്ചിനീയർ |
| 3-10 | 477400 | ശ്രീമതി. കെ. ടി. ഗീത, സിഡിപിഒ 268400<br>ശ്രീമതി. ടി. ജമീല സിഡിപിഒ 109000<br>ഡോ. ഉഷ നടുവിലക്കണ്ടിയിൽ,മെഡിക്കൽ ഓഫീസർ സിഎച്ച്സി 100000 |
| | 2701846 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ആദായ നികുതി – ഖണ്ഡിക 3-11, 9447/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ . ഡെയ്സൺ രാജ്, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, മേലടി ബ്ലോക്ക് പഞ്ചായത്ത് | 1/1531 അത്യാങ്ങോട്ട് പറമ്പ്, നടക്കാവ്, കോഴിക്കോട് - 673011 |
| ശ്രീമതി. ഡബ്ല്യൂ. എസ്. ബിന്ദു ജാസ്മിൻ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ്<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ്. ജി. ഡി. സബ് ഡിവിഷൻ, കൊണ്ടോട്ടി | തണൽ വീട്,<br>വീട്ടിക്കുണ്ട് റോഡ്,<br>ഇരിങ്ങാട്ടേരി പി. ഒ.<br>കരുവാരക്കുണ്ട്,<br>മലപ്പുറം - 676523 |

| | | |
|---|---|---|
| ശ്രീ. കെ. ദിലീപ് കുമാർ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ്<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ്. ജി. ഡി. സബ് ഡിവിഷൻ, മേലടി. | കണ്ടാച്ചേരി വീട്,<br>മൗവ്വഞ്ചേരി പി. ഒ.<br>കണ്ണൂർ - 670613 |
| ശ്രീമതി. സൂസമ്മ ഐസക്ക്,<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ,<br>ഒറ്റപ്പാലം ബ്ലോക്ക് | വെളിയത്ത് മാരിൽ വീട്<br>വരാക്കര പി. ഒ<br>തൃശ്ശൂർ ജില്ല . പിൻ. 680302 |
| ശ്രീ. ഗിരീഷ് ചോലയിൽ ജില്ലാ വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | ജില്ലാ വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | സുമനാസ് വീട്<br>അനന്തയൂർ<br>വാഴക്കാട് പി.ഒ<br>മലപ്പുറം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.7/128 /15/28.05.12 | 1 | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി7/1501 /11(4)/19.03.12 | 3 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി7/1501 /11(6)/12.10.11 | 4 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി7/1501 /11(7)/19.03.12 | 2 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി7/1502 /11/19.03.12 | 5 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി7/1501 /11(8)19.03.12 | 2 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി7/145 /10/19.03.12 | 5 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി71786/12 /9.01.13 | 9 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി71787/12 /11.12.12 | 8 | |
| 2010-11<br>2011-12 | എൽ.എഫ്.കെ.കെ.ഡി.പി7/339 /13/23.05.13 | 9 | |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി7/48 | 6 | |

| | | | |
|---|---|---|---|
| | /14/12.05.15 | | |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/253<br>/2016/21.04.16 | 8 | |

ജോയിൻറ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി7/ /2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015 –16 വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത്

തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പും 12.06.2003 ലെ ജി.ഒ.(പി)/319 /2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P7/
/2016 Kerala State Audit
Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date:

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Meladi Block Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Meladi Block Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

JOINT DIRECTOR

District Audit Office, Kozhikode.